## 213

ജീവനെനിക്കായ് ദേവകുമാരാ!
ദേവകുമാരാ! സർവ്വപാപവിദൂരാ!

1 സ്വർഗ്ഗമഹിമാസനവും നിസ്തുലപ്രഭാനിറവും
അത്രയും വെടിഞ്ഞു ഭൂവിലവതരിച്ചോനേ!
അവതരിച്ചോനേ! താഴ്മ സ്വയം വരിച്ചോനേ!

2 അഞ്ചുയവയപ്പവും മീൻ ര ുമങ്ങെടുത്തു വാഴ്ത്തി
അഞ്ചു സഹസ്രം ജനത്തെ പോഷിപ്പിച്ചോനേ!
പോഷിപ്പിച്ചോനേ! ഹാ! സന്തോഷിപ്പിച്ചോനേ!

3 കൂരിരുൾ നിറഞ്ഞതാമിപ്പാരിനു പ്രകാശം നൽകി
ഭൂരിസുഖമരുളും മൊഴി അരുളിചെയ്തോനേ!
അരുളിചെയ്തോനേ! ജീവവഴി തെളിച്ചോനേ!

4 പാതകർ നടുവിൽ മഹാ-പാതകനെപ്പോൽ കുരിശിൽ
നീ തകർന്നു മൃതിയടഞ്ഞതോർക്കുന്നയ്യോ! ഞാൻ
ഓർക്കുന്നയ്യോ! ഞാൻ അതെൻ
പേർക്കെന്നറിഞ്ഞേൻ- E.I.J.